പ്രവാസി (NRIs) / ഇന്ത്യൻ വംശജൻ (PIOs) എന്നിവർക്ക് അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ നൽകൽ.

ഭാരതീയ റിസർവ് ബാങ്ക്
വിനിമയ നിയന്ത്രണവകുപ്പ്
കേന്ദ്ര കാര്യാലയം
മുബൈ. 400 00/

A.P. (Dir. സീരീസ്) സർക്കുലർ നമ്പർ 40 നവംബർ 5, 2002

എല്ലാ അംഗീകൃത വിദേശനാണ്യം ഡീലർമാർക്കും.

മാഡം/സർ,

**പ്രവാസി (NRIs)/ ഇന്ത്യൻ വംശജൻ (PIOs) എന്നിവർക്ക് അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ നൽകൽ.**

അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ (ICCS) നൽകുന്നതിനെ സംബന്ധിച്ച് 2002, ജൂൺ 27ന് പുറപ്പെടുവിച്ച A.P. (Dir സീരീസിലെ) സർക്കുലർ നമ്പർ 53ലേക്ക് അംഗീകൃത ഡീലർമാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. അവരുടെ ഇൻവേർഡ് റിമിറ്റൻസ് അല്ലെങ്കിൽ അവരുടെ പ്രവാസി എക്സ്റ്റേണൽ അക്കൗണ്ട്/വിദേശ കറൻസി പ്രവാസി (FCNR) അക്കൗണ്ടുകൾ വഴി അവരുടെ അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നതിന്റെ ചാർജ്ജുകളുടെ കണക്ക് തീർക്കണമെന്ന ഉപാധിയോടെ റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതിയില്ലാതെ അംഗീകൃത ഡീലർമാർക്ക് അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ NRIS/PIOS ന് നൽകാമെന്ന് ഇതിനാൽ വ്യക്തമാക്കുന്നു.
3. അംഗീകൃത ഡീലർമാർ ഈ സർക്കുലറിലെ ഉള്ളടക്കം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരണം.
4. 1999 ലെ (42 of 1999) വിദേശ വിനിമയ മാനേജ്മെന്റ് ആക്ടിന്റെ സെക്ഷൻ 10ൽ (4) നും 11 ൽ (1) നും കീഴിലാണ് ഈ സർക്കുലറിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്.

വിശ്വസ്തതയോടെ,

ഗ്രേസ് കോശി
ചീഫ് ജനറൽ മാനേജർ